## ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 22.10.2025**

## പ്രധാനവാർത്തകൾ

1.) ശബരിമല ക്ഷേത്രത്തിൽ ദർശനം നടത്തി രാഷ്ട്രപതി ദ്രൗപദി മുർമു. സന്നിധാനത്തേക്ക് രാഷ്ട്രപതിയെ പൂർണകുംഭം നൽകി സ്വീകരിച്ചു.

2) മുൻ രാഷ്ട്രപതി കെ ആർ നാരായണൻറെ അർധകായ പ്രതിമ രാഷ്ട്രപതി നാളെ രാജ്ഭവനിൽ അനാച്ഛാദനം ചെയ്യും. ശിവഗിരിയിൽ ശ്രീനാരായണ ഗുരു സമാധി ശതാബ്ദി ആചരണത്തിൻറെ ഉദ്ഘാടനവും നിർവഹിക്കും.

3) രാജ്യത്തെ ആദ്യ അതിദാരിദ്ര്യ മുക്ത സംസ്ഥാനമായി കേരളം. പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ നവംബർ ഒന്നിന് തിരുവനന്തപുരത്ത് നിർവഹിക്കും

4) സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് 10 ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

5) ഒളിമ്പിക് മെഡൽ ജേതാവ് നീരജ് ചോപ്രയ്ക്ക് ലെഫ്റ്റനന്റ് കേണൽ പദവി നൽകി രാജ്യത്തിൻറെ ആദരം

6) 67 -ാമത് സംസ്ഥാന സ്കൂൾ കായികമേളയിൽ ആതിഥേയരായ തിരുവനന്തപുരം ജില്ലയ്ക്ക് മുന്നേറ്റം. കണ്ണൂരും കോഴിക്കോടും തൊട്ടുപിന്നിൽ.

RNU TVPM

## രാഷ്ട്രപതി-ശബരിമല(ഇൻട്രോ)

കേരള സന്ദർശനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ശബരിമല ക്ഷേത്രത്തിൽ ദർശനം നടത്തി. പമ്പയിൽ ഇരുമുടിക്കെട്ടു നിറച്ച ശേഷം ഇന്നുച്ചയോടെയാണ് ശ്രീമതി ദ്രൗപദി മുർമു 18-ാം പടി ചവിട്ടി സന്നിധാനത്തെത്തിയത്. പൂർണ കുംഭം നൽകിയാണ് രാഷ്ട്രപതിയെ തന്ത്രി സന്നിധാനത്തേക്ക് സ്വീകരിച്ചത്. ദേവസ്വം മന്ത്രി വി.എൻ വാസവൻ, ദേവസ്വം ബോർഡ് പ്രസിഡൻറ് പി.എസ് പ്രശാന്ത് തുടങ്ങിയവർ രാഷ്ട്രപതിയെ സ്വീകരിക്കാൻ സന്നിധാനത്ത് എത്തിയിരുന്നു. സന്ദർശനത്തോടനുബന്ധിച്ച് കനത്ത സുരക്ഷയാണ് ശബരിമലയിൽ ഒരുക്കിയിരുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.....**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

## രാഷ്ട്രപതി -തിരുവനന്തപുരം

രാഷ്ട്രപതി നാളെ രാജ്ഭവനിൽ മുൻ രാഷ്ട്രപതി കെ ആർ നാരായണൻറെ അർധകായ പ്രതിമ അനാച്ഛാദനം ചെയ്യും. തുടർന്ന് ശിവഗിരിയിൽ ശ്രീനാരായണ ഗുരു സമാധി ശതാബ്ദി ആചരണത്തിൻറെ ഉദ്ഘാടനവും ശ്രീമതി മുർമു നിർവഹിക്കും. പാലാ സെൻറ് തോമസ് കോളേജിലെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളിലും രാഷ്ട്രപതി നാളെ പങ്കെടുക്കും. മറ്റന്നാൾ എറണാകുളം സെൻറ് തെരേസാസ് കോളേജിലെ ശതാബ്ദി ആഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുത്ത ശേഷം ശ്രീമതി മുർമു ഡൽഹിക്ക് മടങ്ങും. നാലു ദിവസത്തെ കേരള സന്ദർശനത്തിനായി രാഷ്ട്രപതി ഇന്നലെ വൈകുന്നേരമാണ് തിരുവനന്തപുരത്തെത്തിയത്.

സന്ദർശനത്തോടനുബന്ധിച്ച് തലസ്ഥാന നഗരിയിൽ കർശന സുരക്ഷ നിലനിൽക്കുകയാണ്. ഇന്ന് രാത്രി പത്തു വരെയും,

PNU TVPM

നാളെ രാവിലെ ആറു മുതൽ ഉച്ചയ്ക്ക് 12.30 വരെയും നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കോട്ടയം ജില്ലയിലെ സ്കൂളുകളുടെ പ്രവർത്തന സമയത്തിലും നാളെയും മറ്റന്നാളും മാറ്റം വരുത്തിയിട്ടുണ്ട്. ജില്ലയിലെ കേന്ദ്രീയ വിദ്യാലയങ്ങൾ ഉൾപ്പെടെ എല്ലാ സ്കൂളുകളും നാളെ ഉച്ചകഴിഞ്ഞ് മൂന്നിന് മുൻപായി പ്രവർത്തനം അവസാനിപ്പിക്കണം. കോട്ടയം താലൂക്കിലെ എല്ലാ സ്കൂളുകളും വെള്ളിയാഴ്ച രാവിലെ 8.30ന് മുമ്പായി പ്രവർത്തനം ആരംഭിക്കണമെന്നും ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ നിർദേശം നൽകി.

❁❁❁❁❁❁❁❁❁❁❁❁❁

## മന്ത്രിസഭ

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ അന്തിമ ലിസ്റ്റിൽ നിന്ന് ഒഴിവാക്കപ്പെട്ട 1,031 പേരിൽ അർഹതപ്പെട്ടവർക്ക് ധനസഹായം നൽകാൻ സംസ്ഥാന മന്ത്രിസഭാ തീരുമാനം. 2017 ൽ തയ്യാറാക്കിയ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെട്ടതും, അന്തിമ ലിസ്റ്റിൽ നിന്ന് പിന്നീട് ഒഴിവാക്കപ്പെട്ടവരുമായ ദുരിതബാധിതർക്കാണ് ധനസഹായം നൽകുന്നത്. ഭൂരഹിത ഭവനരഹിത പട്ടികയിൽപ്പെട്ട ആലപ്പുഴ ജില്ലയിലെ 50 അതിദരിദ്ര കുടുംബങ്ങൾക്ക് ഫ്ലാറ്റ് അനുവദിക്കാനും മന്ത്രിസഭ തീരുമാനിച്ചു. പുറക്കാട് മണ്ണുംപുറത്ത് നിർമ്മാണം പൂർത്തീകരിച്ചുവരുന്ന ഫിഷറീസ് വകുപ്പിൻ്റെ ഫ്ലാറ്റ് സമുച്ചയത്തിലെ 50 ഫ്ലാറ്റുകളാണ് നൽകുക.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## കേരളം-അതിദാരിദ്ര്യ മുക്ത സംസ്ഥാനം-(ഇൻട്രോ)

രാജ്യത്തെ ആദ്യ അതിദാരിദ്ര്യ മുക്ത സംസ്ഥാനമായി കേരളം മാറിയതിൻ്റെ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ നവംബർ ഒന്നിന് തിരുവനന്തപുരത്ത് നിർവഹിക്കും. അറുപതിനായിരത്തിനടുത്ത് കുടുംബങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിച്ചാണ് കേരളം ഈ ചരിത്ര നേട്ടം കൈവരിച്ചത്. നീതി

ആയോഗിൻറെ കണക്കുകൾ അനുസരിച്ച് രാജ്യത്ത് ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമാണ് കേരളം. തദ്ദേശ സ്വയംഭരണ വകുപ്പിൻറെ നേതൃത്വത്തിൽ സർക്കാർ സംവിധാനങ്ങളെയും, സന്നദ്ധ പ്രവർത്തകരെയും, പൊതുജനങ്ങളെയും ഏകോപിപ്പിച്ചാണ് ഈ ലക്ഷ്യം നേടിയതെന്ന് മന്ത്രി എം ബി രാജേഷ് തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. (വോയിസ്)

## നീരജ് ചോപ്ര

ഇന്ത്യയ്ക്കായി രണ്ട് തവണ ഒളിമ്പിക് മെഡൽ നേടിയ ജാവലിൻ ത്രോ താരം നീരജ് ചോപ്രയ്ക്ക് ആദരസൂചകമായി ടെറിട്ടോറിയൽ ആർമിയിൽ ലെഫ്റ്റനൻ്റ് കേണൽ പദവി നൽകി. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിൻറെയും കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയുടെയും സാന്നിധ്യത്തിൽ ന്യൂഡൽഹിയിൽ നടന്ന ചടങ്ങിലാണ് ബഹുമതി സമ്മാനിച്ചത്. സ്ഥിരോത്സാഹത്തിൻറെയും ദേശസ്നേഹത്തിൻറെയും പ്രതീകമാണ് നീരജ് ചോപ്രയെന്ന് ശ്രീ രാജ്നാഥ് സിംഗ് ചടങ്ങിൽ പറഞ്ഞു .

## ആർ ബിന്ദു

സംസ്ഥാന സർക്കാരിൻറെ ഇൻറേൺഷിപ്പ് കേരള പദ്ധതിയുടെ വെബ്സൈറ്റ് മന്ത്രി ആർ ബിന്ദു ഉദ്ഘാടനം ചെയ്തു. വിദ്യാർഥികൾക്ക് അറിയപ്പെടുന്ന സർക്കാർ - സ്വകാര്യ സ്ഥാപനങ്ങളിൽ ഇൻറേൺഷിപ്പ് അവസരങ്ങൾ തെരഞ്ഞെടുക്കുന്നതിന് പോർട്ടൽ സഹായകമാകുമെന്ന് മന്ത്രി പറഞ്ഞു . ഉന്നത വിദ്യാഭ്യാസ വകുപ്പും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും കെൽട്രോണുമായി സഹകരിച്ചാണ് പോർട്ടൽ വികസിപ്പിച്ചത്

❁❁❁❁❁❁❁❁❁❁❁❁❁

## സംസ്ഥാന സ്കൂൾ കായികമേള

67 -ാമത് സംസ്ഥാന സ്കൂൾ കായികമേളയിൽ ആതിഥേയരായ തിരുവനന്തപുരം ജില്ലയ്ക്ക് മുന്നേറ്റം. ഒടുവിൽ വിവരം ലഭിക്കുമ്പോൾ 74 സ്വർണ്ണവും, 56 വെള്ളിയും, 73 വെങ്കലവും കരസ്ഥമാക്കി 639 പോയിൻറോടെ തിരുവനന്തപുരം പോയിൻറ് പട്ടികയിൽ ഒന്നാം സ്ഥാനത്താണ്. 377 പോയിൻറുമായി കണ്ണൂർ രണ്ടാം സ്ഥാനത്തും, 296 പോയിൻറുമായി കോഴിക്കോട് മൂന്നാം സ്ഥാനത്തുമാണ്. 290 പോയിൻറ് നേടി തൃശൂർ ജില്ലയും തൊട്ടു പിന്നിലുണ്ട്. പന്ത്രണ്ട് വേദികളിലായാണ് കായികമേള പുരോഗമിക്കുന്നത്. മേളയുടെ ആകർഷണീയതയായ അത്‌ലറ്റിക്സ് മത്സരങ്ങൾ നാളെ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ആരംഭിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് അതി ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് . ഇന്ന് 10 ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ് . നാളെ 9 ജില്ലകളിലും മറ്റന്നാൾ 5 ജില്ലകളിലും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള- കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. തമിഴ്നാട്ടിലെ തീരദേശ ജില്ലകളിലും വ്യാപക മഴ തുടരുകയാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## മുല്ലപ്പെരിയാർ

മുല്ലപ്പെരിയാർ ഡാമിൻ്റെ മൂന്ന് ഷട്ടറുകൾ അടച്ചു. 10 ഷട്ടറുകൾ ഒന്നര മീറ്റർ ഉയർത്തി വെള്ളം പുറത്തേക്ക് ഒഴുക്കുന്നുണ്ട്. ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ തിരുവനന്തപുരം

RNU TVPM

കരമനയാറ്റിൽ കേന്ദ്ര ജല കമ്മീഷൻ മഞ്ഞ അലർട്ട് പ്രഖ്യാപിച്ചു .തീരത്തോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കണം

❁❁❁❁❁❁❁❁❁❁❁❁❁

## താമരശ്ശേരി സംഘർഷം

കോഴിക്കോട് താമരശ്ശേരി കട്ടിപ്പാറ ഫ്രഷ് കട്ട് ഫാക്ടറിക്ക് സമീപം ഇന്നലെയുണ്ടായ അക്രമ സംഭവങ്ങളിൽ പോലീസ് അന്വേഷണം പുരോഗമിക്കുന്നു. വധശ്രമം അതിക്രമിച്ചു കടക്കൽ തുടങ്ങിയ വകുപ്പുകൾ ചേർത്ത് പോലീസ് കേസെടുത്തു. സംഘർഷം നിയന്ത്രിക്കുന്നതിനിടെ വടകര റൂറൽ എസ് പി ഉൾപ്പടെ 20 ലധികം പോലീസുകാർക്കും പരിക്കേറ്റിരുന്നു. കോഴിമാലിന്യ സംസ്കരണ ഫാക്ടറിക്ക് എതിരെ ഏറെ കാലമായി നിലനിൽക്കുന്ന പ്രതിഷേധമാണ് ഇന്നലെ സംഘർഷത്തിൽ കലാശിച്ചത്.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 127-ആം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും മറ്റന്നാൾ വരെ പങ്കുവയ്ക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

## അമിത് ഷാ- രാജീവ് ച ന്ദ്രശേഖർ

ശബരിമല സ്വർണ്ണപ്പാളി വിഷയത്തിൽ കേന്ദ്ര ഇടപെടൽ ആവശ്യപ്പെട്ട് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായ്ക്ക് കത്തയച്ച് സംസ്ഥാന ബിജെപി നേതൃത്വം. ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ, കഴിഞ്ഞ 30 വർഷത്തെ ഇടപാടുകൾ അന്വേഷിക്കാൻ കേന്ദ്ര ഏജൻസിക്ക് നിർദ്ദേശം നൽകണമെന്നും ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ അയച്ച കത്തിൽ ആവശ്യമുണ്ട്.

## ആശാ സമരം

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സംസ്ഥാനത്തെ ആശാ വർക്കർമാർ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിലേക്ക് നടത്തിയ പ്രതിഷേധ മാർച്ചിൽ സംഘർഷം. പ്രതിഷേധക്കാരെ പൊലീസ് ദേവസ്വം ബോർഡ് ജങ്ഷനിൽ ബാരിക്കേഡ് ഉപയോഗിച്ച് തടഞ്ഞു. ബാരിക്കേഡ് മറികടക്കാൻ ശ്രമിച്ച ആശാ പ്രവർത്തർക്ക് നേരെ പോലീസ് ജല പീരങ്കി പ്രയോഗിക്കുകയായിരുന്നു. മൈക് സെറ്റും സ്പീക്കറും പൊലീസ് പിടികൂടിയതിൽ പ്രതിഷേധിച്ച് ആശാ പ്രവർത്തകർ റോഡിലും പൊലീസ് ജീപ്പിന് മുന്നിലും കുത്തിയിരുന്ന് മുദ്രാവാക്യം വിളിച്ചു.

## സ്വർണ്ണ വില

സംസ്ഥാനത്ത് സ്വർണ്ണ വിലയിൽ ഇടിവ്. ഇന്ന് രണ്ടു തവണയാണ് വിലയിൽ കുറവ് രേഖപ്പെടുത്തിയത്. പവന് 2,480 രൂപ താഴ്ന്ന് 93,280 രൂപയും ഗ്രാമിന് 11,660 രൂപയുമായിരുന്നു രാവിലെ വില . ഉച്ചയോടെ വില പവന് വീണ്ടും 960 രൂപ കുറഞ്ഞ് 92,320 രൂപയും ഗ്രാമിന് 11,540 രൂപയുമായി .

PNU TVPM

## ഐസിസി വനിതാ ക്രിക്കറ്റ്

ഐസിസി വനിതാ ലോകകപ്പിൽ ഇംഗ്ലണ്ടിനെതിരെ ഓസ്ട്രേലിയയ്ക്ക് 245 റൺസ് വിജയലക്ഷ്യം. ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനങ്ങിയ ഇംഗ്ലണ്ട് നിശ്ചിത 50 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 244 റൺസാണ് നേടിയത് . ഓസിസിൻറെ മറുപടി ബാറ്റിങ്ങ് ഉടൻ ആരംഭിക്കും. ഇൻഡോറിലാണ് മത്സരം.